**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2099          04.11.2019 ൽ മറുപടിക്ക്

## കാരുണ്യ ചികിത്സാ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ചികിത്സാ പദ്ധതിക്ക് പകരമായി നടപ്പിലാക്കാൻ നിശ്ചയിച്ച സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) | സംസ്ഥാനത്തു കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 2019 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുകയും നാളിതുവരെ 4136610 കുടുംബങ്ങൾ പദ്ധതിയുടെ കീഴിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിൽ അംഗമാകുമെന്നു പ്രതീക്ഷിച്ച വിഭാഗങ്ങളുടെ 98.57% ആകുന്നു ഇത്. കാരുണ്യ ചികിത്സ പദ്ധതി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണെന്നും അതിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ ? | (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നത് കോമ്പ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള -ചിയാക് (Comprehensive Health Insurance Agency Kerala - CHIAK) എന്ന തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ സ്ഥാപിതമായ ഏജൻസി മുഖേനയാണ്. ഇതിന്റെ കാര്യാലയം തിരുവനന്തപുരം വഴുതക്കാട് ട്രാൻസ് ടവർ ബിൽഡിംഗിലെ ഏഴാം നിലയിൽ പ്രവർത്തിക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ